24. ധനകാര്യ മന്ത്രിയായി ഞാൻ 1996-ൽ അധികാരമേൽക്കുമ്പോൾ ഭാരിച്ച കുടിശ്ശികയുടെ ബാദ്ധ്യതയാണ് എനിക്ക് ലഭിച്ചത്. കരാറുകാർക്ക് കൊടുത്തു തീർക്കേണ്ടിയിരുന്ന കുടിശ്ശിക ഏതാണ്ട് 400 കോടി രൂപയുടേതായിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടിയും മറ്റുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടിയിരുന്നത് 150 കോടി രൂപ. വിവിധ ക്ഷേമ പദ്ധതികളിലായി ദുർബ്ബല വിഭാഗങ്ങൾക്ക് 100 കോടിയിലേറെ രൂപ കുടിശ്ശികയായിരുന്നു. ജീവനക്കാർക്ക് നൽകാതിരുന്ന ക്ഷാമബത്തകളുടെ കുടിശ്ശിക 400 കോടി രൂപയുടേതായിരുന്നു. ഇതിനെല്ലാം പുറമേ മുൻ സർക്കാർ അനുമതി നൽകിയിരുന്ന വില്ലേജ് റോഡുകളുടെ നിർമ്മാണത്തിന് 150 കോടി രൂപ നൽകേണ്ടി വന്നു. ഇങ്ങനെ എല്ലാം കൂടി 1200 കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാക്കി വച്ച മുൻ സർക്കാർ വെറും 4.62 കോടി രൂപയുടെ നീക്കിബാക്കിയാണ് എന്നെ ഏൽപ്പിച്ചത്.

25. ജനങ്ങളുടെ പ്രതീക്ഷകളും സർക്കാരിന്റെ ലക്ഷ്യവും പ്രതിഫലിപ്പിക്കുന്ന ദിശാ ബോധത്തോടെയുള്ള നയത്തിനകത്തു നിന്നുകൊണ്ട് വരുമാനത്തിന്റെ സിംഹഭാഗവും എങ്ങിനെയാണ് ചെലവഴിച്ചതെന്നും അതിന്റെ കാരണവും ഞാൻ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. റവന്യൂ പിരിവിലെ കുറവുകളിലേക്ക് നയിച്ച ദുഷ്കരമായ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ചും ഞാൻ വിശദീകരിച്ചു. സംസ്ഥാനത്തിന്റെ ഭാവി ഭാസുരമാക്കുന്ന ശുഭസൂചകമായ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയതായി നിങ്ങളെ അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. അതുകൊണ്ട് തന്നെയാണ് പുതുക്കിയ എസ്റ്റിമേറ്റിൽ കഴിഞ്ഞ വർഷത്തേതിനേക്കാൾ റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. ഈ വർഷം കടത്തിന്റെ വർദ്ധനയുടെ തോത് നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മാത്രമല്ല, ഈ വളർച്ചാതോത് വീണ്ടും കുറച്ചുകൊണ്ടു ഏകദേശം 14 ശതമാനത്തിൽ എത്തിക്കുവാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഈ ഉത്തമ വിശ്വാസത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഈ ഇടക്കാല ബഡ്ജറ്റും ആദ്യ നാലുമാസത്തെ വോട്ട് ഓൺ അക്കൗണ്ടും അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഒരു ഇടക്കാല ബഡ്ജറ്റ് എന്ന നിലയ്ക്ക് എല്ലാ മേഖലകളിലുമുള്ള ചെലവിനങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. മാത്രവുമല്ല, യാതൊരുവിധ നികുതി നിർദ്ദേശങ്ങളും ഈ ഇടക്കാല ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗവൺമെന്റിന്റെ സവിശേഷ ശ്രദ്ധ പതിഞ്ഞിട്ടുള്ള ചില സുപ്രധാന മേഖലകളെക്കുറിച്ച്-പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ പുരോഗതിക്കും സമൃദ്ധിക്കും ഉതകുന്ന മേഖലകളെ-മാത്രം ഞാൻ ചുരുക്കമായി പ്രതിപാദിക്കാം.

ഊർജ്ജം

26. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് വൈദ്യുതി രംഗത്ത് സംസ്ഥാനം അഭൂതപൂർവ്വമായ പുരോഗതിയും എടുത്തു പറയത്തക്കനേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നിരന്തരമായ പരിശ്രമഫലമായി 1996 വരെ നിലനിന്ന പവർകട്ടിൽ നിന്നും ലോഡ് ഷെഡ്ഡിംഗ്, കടുത്ത വൈദ്യുതി ക്ഷാമം എന്നിവയുടെ പിടിയിൽ നിന്നും സംസ്ഥാനം മോചിതമായിരിക്കുന്നു. ഇപ്പോൾ പവർകട്ടും ലോഡ് ഷെഡ്ഡിംഗും പൂർണ്ണമായി പിൻവലിച്ചു. ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് പവർ കോർപ്പറേഷനും ബി.എസ്.ഇ.എസ് നാലാം ഘട്ടവും പൂർത്തിയാകുന്നതോടു കൂടി ഉല്പാദനശേഷി 1062.60 മെഗാവാട്ട് വൈദ്യുതി കൂട്ടി ചേർത്തുകൊണ്ട് സംസ്ഥാനത്തിന്റെ മൊത്തം സ്ഥാപിത ശേഷി 2568.1 മെഗാവാട്ടായി ഉയരുന്നതാണ്. സംസ്ഥാനം ജലവൈദ്യുതി ഉല്പാദനത്തിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഇതിനനുസൃതമായി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതിനാവശ്യമായ പര്യവേക്ഷണങ്ങൾക്ക് തുടക്കമിട്ടുകഴിഞ്ഞു.

27. പ്രസരണരംഗത്തും വൈദ്യുതി ബോർഡ് വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. 33 കെ. വി. സബ്ട്രാൻസ്മിഷൻ സ്കീം നടപ്പാക്കുക വഴി സുപ്രധാനമായ നേട്ടമാണ് ഈ രംഗത്ത് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് അഞ്ച് 220 കെ.വി. സബ് സ്റ്റേഷനുകളും ഇരുപത്തിയാറ് 110 കെ.വി. സബ്സ്റ്റേനുകളും മൂന്ന് 66 കെ.വി. സബ്സ്റ്റേനുകളും ഒരു 33 കെ.വി. സബ്സ്റ്റേനുകളും സംസ്ഥാനത്ത് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ബോർഡ് 220 കെ.വി. ലൈനുകളുടെ 1337 സർക്ക്യൂട്ട് കിലോമീറ്ററും 110 കെ.വി. ലൈനുകളുടെ 700 സർക്ക്യൂട്ട് കിലോമീറ്ററും 66 കെ.വി. ലൈനുകളുടെ 26 സർക്ക്യൂട്ട് കിലോമീറ്ററും നിർമ്മിച്ച് കഴിഞ്ഞിട്ടുണ്ട്. രണ്ട് 220 കെ.വി. സബ് സ്റ്റേഷനുകളും നാല്പത്തിരണ്ട് 110 കെ.വി. സബ് സ്റ്റേഷനുകളും പതിമൂന്ന് 66 കെ.വി. സബ് സ്റ്റേഷനുകളും അമ്പത്തിയാറ് 33 കെ.വി. സബ് സ്റ്റേഷനുകളും 70-80 കിലോമീറ്റർ 220 കെ.വി. ലൈനുകളും 393 കിലോമീറ്റർ 110 കെ.വി. ലൈനുകളും എൺപത്തിമൂന്ന് കിലോമീറ്റർ 66 കെ.വി. ലൈനുകളും 438 കിലോമീറ്റർ 33 കെ.വി. ലൈനുകളും പണി നടന്നു വരികയാണ്.

28. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് 6122 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചതുകൂടാതെ 15.62 ലക്ഷം സർവ്വീസ് കണക്ഷനുകളും 1.41 ലക്ഷം സ്ട്രീറ്റ് ലൈറ്റുകളും നൽകിക്കൊണ്ട് ബോർഡ് വിതരണരംഗത്തും വമ്പിച്ച മുന്നേറ്റമാണ് നടത്തിയത്. കൂടാതെ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ "കുടിർ ജ്യോതി" പദ്ധതിയിലൂടെ ഒരു ലക്ഷം കണക്ഷനുകൾ ബോർഡ് നൽകി. പ്രത്യേക ഘടക പദ്ധതി പ്രകാരം 34.4 കോടി രൂപ ചെലവിൽ 986 പട്ടിക ജാതി കോളനികളും പട്ടിക വർഗ്ഗ പദ്ധതി പ്രകാരം 5.7 കോടി രൂപ ചെലവിൽ 130 പട്ടിക വർഗ്ഗകോളനികളും വൈദ്യുതീകരിക്കാൻ സർക്കാർ മുൻകൈ എടുത്തിട്ടുണ്ട്. അടുത്ത വർഷം നാല് ലക്ഷം സർവ്വീസ് കണക്ഷനുകളും 1525 കിലോമീറ്റർ 11 കെ.വി. ലൈനുകളും 8100 കിലോമീറ്റർ ലോ ടെൻഷൻ ലൈനുകളും 1835 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വൈദ്യുതി അപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കാൻ 'വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി- 2000', 'പെറ്റി കോൺട്രാക്റ്റേഴ്സ് ആന്റ് വർക്ക്മെൻ ഇൻഷ്വറൻസ് പദ്ധതി' എന്നീ രണ്ടു പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 611 കോടി രൂപ ഉൾപ്പെടുത്തിക്കൊണ്ട് മൊത്തം പദ്ധതിയുടെ 16.97 ശതമാനം സർക്കാർ വൈദ്യുതി മേഖലയ്ക്കായി നീക്കി വച്ചിട്ടുണ്ട്. ഇതിൽ 233 കോടി രൂപ പ്രസരണ രംഗത്തും 130 കോടി രൂപ വിതരണരംഗത്തും ചെലവഴിക്കാനുള്ളതാണ്.

വിവര സാങ്കേതിക വിദ്യ

29. സംസ്ഥാനത്തെ സാമ്പത്തിക വികസനത്തിന്റെ ശക്തമായ ഉപകരണമായി വിവര സാങ്കേതിക വിദ്യ ഉയർന്നു കഴിഞ്ഞിട്ടുണ്ട്. ഈ മേഖല ഒരുക്കുന്ന അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി മൂന്നുവർഷം മുമ്പ് വിവര സാങ്കേതിക വ്യവസായത്തിന്റെ പ്രോത്സാഹനാർത്ഥം സമഗ്രമായ ഒരു ഐ.ടി. നയത്തിനു രൂപം നൽകുകയുണ്ടായി. ഐ.ടി.യിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ ഐ.ഐ.ഐ.ടി.എം-കെ (Indian Institute of Information Technology and Management - Kerala), തിരുവനന്തപുരത്തെയും കൊച്ചിയിലേയും ഐ.ടി.അടിസ്ഥാന സൗകര്യ വികസനം, സംസ്ഥാന അടിസ്ഥാനത്തിൽ ബ്രോഡ് ബാൻഡ് നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള പണി തുടങ്ങിവയ്ക്കൽ, ജനസേവന കേന്ദ്രം പോലുള്ള മാതൃകാ ഇലക്ട്രോണിക് സേവന പദ്ധതികളുടെ വിജയകരമായ നടത്തിപ്പ് എന്നിവ കഴിഞ്ഞ വർഷത്തെ മുഖ്യമായ സംരംഭങ്ങളാണ്. ഈ മേഖലയിൽ നമ്മൾ നടത്തിയ നടപടികൾക്ക് കാര്യമായ ഫലം ലഭിച്ചുതുടങ്ങിയെന്ന് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇനിയുള്ള മാസങ്ങളിൽ ഈ രംഗത്ത് സംസ്ഥാനം വമ്പിച്ച വളർച്ച കൈവരിക്കാൻ പോവുകയാണ്. കഴിഞ്ഞ വർഷത്തോടെ സോഫ്റ്റ് വെയർ കമ്പനികളുടെ ദക്ഷിണേന്ത്യയിലെ പ്രധാന കേന്ദ്രമായി തിരുവനന്തപുരം മാറിക്കഴിഞ്ഞിട്ടുണ്ട്. പാർക്കിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അടുത്ത വർഷത്തേയ്ക്ക് അഞ്ചു കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഐ. ടി. വികസനത്തിന് അത്യന്താധുനിക വാർത്താ വിനിമയവും അടിസ്ഥാന സൗകര്യങ്ങളും വാഗ്ദ്ധാനം ചെയ്യുന്ന അന്തർദേശീയ നിലവാരമുള്ള ഒരു "ടെക്നോളജി ഹാബിറ്റാറ്റ്" കൊച്ചിക്കടുത്ത് ആരംഭിക്കുന്നതാണ്. കേരള പ്രസ്സ് അക്കാദമി അവരുടെ ശേഖരത്തിലെ വില പിടിപ്പുള്ള രേഖകളും ഗ്രന്ഥങ്ങളും കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള സഹായമായി 15 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

30. സംസ്ഥാനത്ത് ആധുനിക ടെലികോം അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾക്ക് പ്രോത്സാഹജനകമായ പ്രതികരണമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്ത് സമഗ്രമായ ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനായി അടുത്ത മൂന്നുനാലു വർഷം കൊണ്ട് സ്വകാര്യ മേഖലയിൽ നിന്ന് ഏകദേശം 2400 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ഒരു കോടി രൂപ ചെലവിൽ പുതിയ ഹൈടെക് ഐ.ടി. വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

the State. That is why I will be able to keep revised estimates of revenue deficit for the current year below the levels of the previous year. I have been able to control the growth of debt this year and I am very confident of further bringing down the growth rate of debt to approximately 14%. It is on this terra firma of confidence that I am presenting an interim budget that would help me seek your approval of the Vote on Account for the first four months of the financial year. Keeping in mind the fact that this is an interim budget alone, I shall not, as is customary in a budget speech, detail out the proposals for expenditure in all sectors. Neither are any tax proposals included in this interim budget. I shall focus briefly on only some of the development sectors particularly the 'sunrise' sectors for the State - on the crest of which, all of us would expect Kerala to ride forward into further progress and prosperity.

POWER

26. The State has made unprecedented strides and achieved spectacular success in the power sector last five years. From the grip of acute power shortage, load shedding and power cut in 1996, the State, through relentless efforts, had come a long way. Today the State has been able to withdraw power cut and load shedding completely. With the commissioning of the Kasargod Power Corporation and BSES (Fourth Stage) this year, 1062.60 MW would have been added by this Government to the power grid bringing the total installed capacity to 2568.1 MW. The Board is laying emphasis to tap maximum hydel generation. In line with this strategy, investigation has been initiated for setting up hydel project of a combined capacity of 1000 MW in the next five years.

27. The Electricity Board has been making tremendous progress in the transmission sector also. The major achievement in this area is the implementation of the sub transmission system with the 33 KV Sub Transmission scheme in the power system of the State. During the last five years, five 220 KV substations, twenty six 110 KV substations, three 66 KV substations and one 33 KV substations have been commissioned. During this period the Board has also constructed 1337 circuit km. of 220 KV lines, 700 circuit km. of 110 KV lines and 26 circuit km. of 66 KV lines. Two 220 KV substations, forty two 110 KV substations, thirteen 66 KV substations, fifty six 33 KV substations, 70- 80 km. of 220 KV lines, 393 km. of 110 KV lines, 83 km. of 66 KV lines and 438 km. of 33 KV lines are under construction.

28. In the distribution sector too, the Board has provided 15.62 lakh

LIBRARY ARCHIVES Kerala Legislative Assembly

service connections and given 1.41 lakh streetlights during the last five years besides setting up 6122 transformers. In addition, the Board is giving one lakh connections under Kutir Jyothi Scheme with the assistance of REC and other agencies. Government has taken initiative to electrify 986 Scheduled Caste colonies under SCP at a total cost of Rs. 34.4 cr. and 130 Scheduled Tribe colonies underTSP at a total cost of Rs. 5.7 cr. In the next year, Government hopes to provide 4 lakh service connections, 1525 km. of 11 KV lines, 8100 km LT lines and 1835 transformers. The Board has introudced two Insurance schemes for extending help to the victims of electrical accidents viz. the Vydyuthi Suraksha Insurance Policy- 2000 and Workmen insurance coverage for petty contractors and workmen. Government has set apart 16.97% of the plan the power sector and has provided an outlay of Rs. 611 cr. in the Annual Plan. Out of this Rs. 233 cr. is for to be spent on Transmission and Rs. 130 cr. on Distribution.

INFORMATION TECHNOLOGY

29. Information Technology has emerged as a potent tool for economic development of the State. To harness the opportunities offered by this sector, Government had, three yeas ago, declared a comprehensive IT policy, which aimed to promote a vibrant IT industry in the State. Some of the major initiatives that we could mark in the last year include the launching of the IITM-K (Indian Institute of Information Technology and Management- Kerala), as a centre of excellence for higher IT education, expansion of IT infrastructure at Trivandrum and Kochi, commencement of work on the establishment of a state-wide broadband network and successful implementation of model e- governance projects such as the Janasevanakendram. I am happy to mention that our initiatives in this sector have begun to yield dividends and the State is now poised for a period of accelerated growth in the coming months. Over the last year, Trivandrum has emerged as a signnificant software hub in the South for IT companies. Government intends to expand facilities at the park substantially. An amount of Rs. 5 cr. has been earmarked in the coming year for the purpose. Government is also

LIBRARY ARCHIVES Kerala Legislative Assembly